# അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 24-ാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 24-ാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 24-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 24-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(……..ബഹളം………….)

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ

ബിൽ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(……..ബഹളം…………..)

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഓട്ടിസം ബാധിച്ച നിരാശ്രയ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിന് ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ. ആണ് നോട്ടീസ് നൽകിയിട്ടുള്ളത്. ഓട്ടിസം ബാധിച്ചവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നാഷണൽ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള കേന്ദ്ര നിയമം നിലവിലുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ഏജൻസിയും കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

Persons with Disabilities Act-ൻ കീഴിൽ Early Intervention Centre with Treatment & training, Special School, Vocational Training Centre, Care Home including life long care centres, Day care centres തുടങ്ങിയ സ്ഥാപനങ്ങൾ

നടത്തുന്നതിനും എൻ.ജി.ഒ. സെക്ടറിൽ ഉള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ചട്ടങ്ങൾ തയ്യാറാക്കിവരുന്നുണ്ട്. ഇത് നിലവിൽ വരുന്നതോടുകൂടി ഓട്ടിസം ബാധിച്ചവർക്ക് മെച്ചപ്പെട്ട സേനം ചെയ്തുകൊടുക്കുവാൻ കഴിയുന്നതാണ്. വീടുകളിൽ കഴിയുന്ന ഇത്തരം ആളുകളെ പരിചരിക്കുന്നവർക്ക് വേണ്ടി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആശ്വാസകിരണം പദ്ധതി നടപ്പിലാക്കിവരുന്നു. എൻ.ജി.ഒ. പാർട്ട്ണർഷിപ്പോടുകൂടി ഈ മേഖലയിൽ life long care-നുവേണ്ടി കൂടുതൽ ഭവനങ്ങൾ ആരംഭിക്കുന്നതിനു എൻ.ജി.ഒ. പോളിസി ഉത്തരവായിട്ടുണ്ട്. കൂടാതെ ഓട്ടിസം ബാധിതരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 5 കോടി രൂപ SID മുഖേന നീക്കിവച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ "2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ" രൂപീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(........ബഹളം.............)

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഓട്ടിസം ബാധിച്ചവരെ സഹായിക്കുന്ന കാര്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓട്ടിസം രോഗവും അതുമൂലം ഉണ്ടാകുന്ന കടബാദ്ധ്യതയും അനാഥത്വവും

ഏറ്റുവാങ്ങി ജീവിതം വഴിമുട്ടുന്ന കുടുംബങ്ങളിലെ വ്യക്തികളും കുടുംബമൊന്നാകെയും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ പെരുകിവരുകയാണ്. തങ്ങളുടെ മരണശേഷം കുട്ടികളെ ആരും സംരക്ഷിക്കുകയില്ലെന്ന് കരുതി പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തിയാണ് മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്നത്. സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും സംരക്ഷണവും സുരക്ഷിതത്വവും സർക്കാരിന്റെ ചുമതലയിലായതിനാൽ ഇത്തരം കുടുംബങ്ങളുടെ സംരക്ഷണവും ബാധ്യതയും ഏറ്റെടുക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഇത്തരം കുടുംബങ്ങൾ ഉൾപ്പെടുന്ന സമൂഹത്തിനും ഈ ഉത്തരവാദിത്വത്തിൽ നിന്നും മാറിനിൽക്കാൻ കഴിയില്ല. ഓട്ടിസം ബാധിതരായ കുട്ടികളെ കഴിവതും മുഖ്യധാരാ സ്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ സാഹചര്യമൊരുക്കേണ്ടതും അനിവാര്യമാണ്. ഇപ്പോൾ നിലവിലുള്ള പല പദ്ധതികളും കുടുംബങ്ങൾക്ക് പൂർണ്ണമായി ആശ്രയം നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ പ്രത്യേകമായ പദ്ധതിയും നിയമവും നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സമൂഹത്തിൽ ഏറെ വെല്ലുവിളികൾ ഉയർത്തുന്ന ഒന്നാണ് ഓട്ടിസം. തലച്ചോറിന്റെ ജൈവഘടനയിലെ അസാധാരണമായ അവസ്ഥയാണ് ഓട്ടിസം. അത് സാധാരാണ കുട്ടികളിൽ നിന്നും വ്യത്യസ്തമായി ചില കുട്ടികളിലെ തലച്ചോറിന്റെ ജൈവഘടന അസാധാരണമാംവിധം

വ്യത്യാസപ്പെട്ടിരിക്കുകയാണ്. ആജീവനാന്തം നിലനിൽക്കുന്ന ഈ അസാധാരണാവസ്ഥ ജന്മനാൽ പ്രകടമാകാം. അല്ലെങ്കിൽ 23 വയസ്സിനുള്ളിൽ പ്രകടമാകാം. ഈ അസാധാരണമായ അവസ്ഥയുടെ യഥാർത്ഥ കാരണം പൂർണ്ണമായും കണ്ടെത്തുവാൻ ശാസ്ത്ര സമൂഹത്തിന് ഇന്നും കഴിഞ്ഞിട്ടില്ല. (........ബഹളം.............)

<u>മി. സ്പീക്കർ:</u> പ്ലീസ്...... പ്ലീസ്....... ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ശ്രീ. ടി. എൻ. പ്രതാപൻ അങ്ങേയ്ക്ക് ഇത് അടുത്ത ദിവസം തുടരാവുന്നതാണ്. ബഹളത്തിനിടയിൽ സഭ നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. അതുകൊണ്ട് സഭ പിരിയുകയാണ്.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.10-ന് പിരിഞ്ഞു.)

**************